5

# ബെയേശ
# ചെറിയവയിൽ പ്രധാനിയായി തീരുന്നു

*വേദഭാഗം: 1 രാജാക്കന്മാർ 15:33; 16:7*

ജീവിതത്തിന്റെ ഒരറ്റത്തു നിന്ന് മറ്റേ അറ്റത്തേക്കുള്ള ശരിയായ തീരുമാനങ്ങൾ എടുക്കുന്നതാണ് ജീവിതയാത്രയിൽ മുഖ്യം., തീരുമാനങ്ങളുടെ ഒരു പരമ്പര തന്നെയാണ് ജീവിതം എന്ന് പറഞ്ഞേക്കാം. വലുതും ചെറുതുമായ തിരഞ്ഞെടുപ്പുകളും, വലുതും ചെറുതുമായ തീരുമാനങ്ങളും എന്ന് അവയെ ന്മുക്ക് തരംതിരിക്കാം.

ആദ്യം എടുക്കുന്നത് വലിയ തീരുമാനങ്ങളായിരിക്കും, അവയാണ് ചെറിയ തീരുമാനങ്ങൾ എടുക്കാൻ നമ്മെ നയിക്കുന്നത്. ചിലർ ആ നടപടിയെ മറിച്ചും പ്രയോഗിക്കും, ചെറിയ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വലിയ തീരുമാനങ്ങളിലേക്കു പോകും. ഒരാൾ ദൈവേഷ്ടത്തിന് അനുസരിച്ച് നടക്കുവാൻ തീരുമാനിക്കുമ്പൾ – അത് ഒരു വലിയ തീരുമാനമാണ് – അതിനുസരിച്ച് അയാൾ തന്റെ ചെറിയ തീരുമാനങ്ങളിൽ, ഭക്ഷിക്കുന്നതുപോലും ദൈവേഷ്ടപ്രകാരമായിരിക്കും. വലിയ തീരുമാനം എടുക്കുമ്പോൾ അത് ചെറിയവയിലേക്ക് നയിക്കുന്നു. എങ്ങനെയായാലും, തനിക്കു ഇഷ്ടമുള്ളത് ഭക്ഷിക്കുമ്പോൾ അയാൾ തന്റെ മോഹത്തേയും ആർത്തിയേയും അടക്കുവാൻ ശ്രമിക്കുന്നു, അങ്ങനെയാകുമ്പോൾ അയാളുടെ വയറിനെ ദൈവമാക്കി മാറ്റുന്നു. ചെറിയ തീരുമാനത്തെ അയാൾ വലുതാകുവാൻ അനുവദിക്കുന്നു. അയാളുടെ വലിയ തിരഞ്ഞെടുപ്പുകളെ ചെറിയവ സ്വാധീനിക്കുന്നു. നമ്മുടെ തീരുമാനങ്ങൾ എടുക്കുമ്പോൾ പ്രശ്നം നേരിട്ടാൽ – ചെറിയവയിൽ നാം വലിയവ ആക്കുന്നുവെങ്കിൽ – ദൈവത്തോടുകൂടിയുള്ള ബന്ധത്തിൽ നമുക്ക് കുഴപ്പം നേരിടും.

നിലക്കടല വിറ്റ് ഉപജീവനം നടത്തിയ ഒരു മനുഷ്യനെക്കുറിച്ച് ഞാൻ വായിക്കയുണ്ടായി. വലിയപട്ടണത്തിന്റെ തെരുവിലെ ഒരു മൂലയിൽ ചെറിയ ഒരു തട്ടുകട അയാൾക്കുണ്ടായിരുന്നു. ഓരോ ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ, അവൻ കടന്നുപോകുന്നവർക്ക് കടല വിറ്റിരുന്നു. അവൻ അങ്ങനെ ചെയ്തതിനാൽ, നല്ല ഒരു ഉപജീവന മാർഗ്ഗമായിരുന്നു സ്വീകരിച്ചത്. അവന്റെ ജീവിതാവസാനം, തന്റെ കടല കച്ചവടത്തിൽ നിന്ന് നല്ലൊരു ഭാഗ്യം നേടിയെടുത്തിരുന്നു. ഇപ്പോൾ, ആ മനുഷ്യനെ ക്കുറിച്ച് ചിന്തിക്കുക. അയാളെക്കുറിച്ച് കൂടുതലായി ഒന്നും എനിക്ക് അറിയില്ല, എന്നാൽ അയാളെക്കുറിച്ച് വായിച്ചതെല്ലാം പറയാവുന്നതാണ് – ആ തെരുവിന്റെ മൂലയിൽ കടലക്കച്ചവടത്തിനായി അവന്റെ ജീവിതം ഉഴിഞ്ഞുവെച്ചു. അവൻ ഒരു ക്രിസ്ത്യാനി ആയി തീർന്നില്ല, ഒരിക്കലും ദൈവത്തെ ആരാധിച്ചിരുന്നില്ല, അയാൾക്ക് ഒരു ക്രിസ്തീയ കുടുംബവും ഇല്ലായിരുന്നു. അയാൾ ക്രിസ്ത്യാനിയായി തീരാത്തതും, ദൈവത്തിനുവേണ്ടി ജീവിക്കാത്തതും എന്ത് എന്ന് ചോദിച്ചാൽ,

അയാൾക്ക് അതിന് മറുപടിയുള്ളത്, "*എനിക്ക് കടലവിൽക്കുന്ന തിരക്കായിരുന്നു.*" ആ മനുഷ്യന്റെ ജീവിതോദ്ദേശം നഷ്ടമാക്കി, അയാളുടെ ചെറിയ തീരുമാനങ്ങൾ, വലിയ തീരുമാനങ്ങളെ മായിച്ചുകളഞ്ഞു. ഉപജീവന മാർഗ്ഗത്തിന് ഒരു ചെറിയ തിരഞ്ഞെടുപ്പ് നടത്തി, ദൈവത്തെ സേവിക്കുന്ന വലിയ തിരഞ്ഞെടുപ്പ് അയാൾ മാറ്റിവെച്ചു.

ചെറിയ തീരുമാനങ്ങൾ ശ്രദ്ധിച്ച് - മൂല്യങ്ങളെ നേർ വിപരീതമാക്കിയതായിരുന്നു - ബെയേശയുടെ വാഴ്ച, അവൻ യിസ്രായേലിന്റെ മൂന്നാമത്തെ രാജാവായിരുന്നു. ആസാ യഹൂദ്യയുടെ സിംഹാസനത്തിൽ ആയിരുന്നപ്പോൾ, ബി. സി. 909 മുതൽ 886 വരെ ആയിരുന്നു അവൻ വാണത് (15:33). തിർസ്സ തലസ്ഥാനമാക്കി യിസ്രായേലിനെ വാണത്, യിസാഖാർ ഗോത്രത്തിൽ നിന്നുള്ള ഏക വടക്കൻ രാജാവ് ബെയേശ ആയിരുന്നു. കുലപാതകം നടത്തിയാണ് അവൻ സിംഹാസനത്തിൽ കയറിയത്. സ്പഷ്ടമായും, അവൻ നാദാപിന്റെ സൈന്യാധിപൻ ആയിരുന്നു, എന്നാൽ അവനെതിരായി ആക്രമിക്കയും അവനെ കൊന്നു സിംഹാസനം പിടിച്ചെടുക്കുകയും ചെയ്തു. അവൻ രാജാവായ ഉടനെ, യൊരേബയാമിന്റെ ഗൃഹത്തെ ഉന്മുലനാശമാക്കി അഹിയാവിന്റെ പ്രവചനം നിറവേറ്റി:

> അവൻ രാജാവായ ഉടനെ യൊരോബെയാം ഗൃഹത്തെ മുഴുവനും നിഗ്രഹിച്ചു; യഹോവ ശീലോന്യനായ അഹീയാവു എന്ന തന്റെ ദാസൻ മുഖാന്തരം അരുളിച്ചെയ്ത വചനപ്രകാരം അവൻ യൊരോബെയാമിന്നു ശ്വാസമുള്ള ഒന്നിനെയും ശേഷിപ്പിക്കാതെ അശേഷം മുടിച്ചുകളഞ്ഞു (15:29).

ആ ഭയങ്കര കൂട്ടക്കൊലയെ ദൈവം പിന്നീട് കുറ്റപ്പെടുത്തി (16:7). അതേ, അങ്ങനെ സംഭവിക്കുമെന്ന് പ്രവചിച്ചിരുന്നു, ബെയേശ മരണശിക്ഷ നടപ്പാക്കിയ ദൈവത്തിന്റെ കൈയിലെ ഒരു ഉപകരണമായിരുന്നു. എങ്കിലും,അങ്ങനെ ചെയ്തതിന്റെ ഉത്തരവാദിത്വവും, അതിന്റെ പിന്നിലെ ഉദ്ദേശവും ബെയേശക്കു തന്നെയാണെന്നു ദൈവം പറഞ്ഞു. അവന്റെ പ്രവചന നിറവേറൽ പലപ്പോഴും ദൈവീക പ്രവചനത്തിന്റെ മർമ്മം നമ്മെ ഓർപ്പിക്കുന്നതാണ്. അധർമികളുടെ കൈയാൽ യേശു ക്രൂശിക്കപ്പെടും എന്ന് യെശയ്യാവ് പ്രവചിച്ചിരുന്നു (യെശെയ്യാവ് 53:7–9), എന്നാൽ അവരുടെ ആ ദുഷ്പ്രവൃത്തികൾക്ക് ഉത്തരവാദികൾ അവർ തന്നെയായിരുന്നു (പ്രവൃത്തികൾ 2:23).

ഇരുപത്തി-നാല് വർഷം സിംഹാസനത്തിലിരുന്ന ബെയേശയെക്കുറിച്ച് ഒന്നും പറയുവാനില്ല. രാജാവായി തീരുവാൻ ദൈവം കൊടുത്ത വർഷങ്ങൾ അവൻ പാഴാക്കി. അവൻ ഒരു കുലപാതകി ആയിരുന്നു – മനുഷ്യരെ മാത്രമല്ല, അവസരങ്ങളേയും. അവന് സ്വാധീനിക്കുവാനുള്ള ശക്തിയും, കല്പിക്കുവാനുള്ള അധികാരവും ഉണ്ടായിരുന്നു. എന്നാൽ ജീവിതത്തിലെ വലിയ തീരുമാനങ്ങളെ അവൻ തെറ്റായി എടുത്തതിനാൽ ദൈവ വചനത്തെ തന്റെ ജീവിതത്തിൽ, എല്ലാവരുടെ ദൃഷ്ടിയിലും പരാജയപ്പെടുത്തി. അവന്റെ ചെറിയ തീരുമാനങ്ങൾക്ക് ദിശാ ബോധമോ, ശരിയായ നടത്തിപ്പോ ഇല്ലായിരുന്നു. തന്റെ സ്വർത്ഥതക്കായി ബുദ്ധിശൂന്യമായി അവയെ ഉപയോഗിച്ചു. ഫലമോ തെറ്റായി നയിക്കപ്പെട്ട ജീവിതം - സന്തോഷിക്കുവാനല്ല, വിലപിക്കുവാൻ വിധിക്കപ്പെട്ടജീവിതം.

ബെയേശ പരാജയപ്പെട്ട വലിയ തീരുമാനങ്ങളെ ശ്രദ്ധിക്കുക. ആ പരാജയം അവന്റെ ജീവിതത്തെ മുഖ്യമായി എങ്ങനെ ബാധിച്ചു എന്നു ചിന്തിക്കുക.

## ദൈവ വചനത്തെക്കുറിച്ച്

ദൈവേഷ്ടത്തെക്കുറിച്ചായിരുന്നു ബെയേശ ആദ്യമെടുക്കേണ്ടിയിരുന്ന വലിയ തീരുമാനം. അവന്റെ തീരുമാനത്തിൽ ആരംഭഘട്ടത്തിൽ, അവന്റെ ചിന്തകളേയും പ്രവൃത്തികളേയും ദൈവത്തിന്റെ പ്രവാചകന്മാർ ചോദ്യം ചെയ്തിരുന്നു, പക്ഷെ പ്രവാചകന്മാരുടെ ഏതൊരു മുന്നറിയിപ്പും, നിർദ്ദേശവും ബെയേശ തള്ളിക്കളഞ്ഞിരുന്നു. അവൻ കേട്ടു അതനുസരിച്ച് പ്രവർത്തിച്ചില്ല; അവൻ നിരീക്ഷിച്ചു, എന്നാൽ അനുസരിച്ചില്ല.

ഒരുപക്ഷെ അവന്റെ ജീവിതത്തിലവസാന കാലത്തായിരിക്കാം, ഒരു പ്രത്യേകതയുള്ള സമയത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു, അത് ഹനാനിയുടെ മകൻ യേഹു പ്രവചിച്ചു ശാസിച്ചപ്പോഴായിരുന്നു (16:1–7). യൊരേബയാമിന്റെ ഗൃഹമായിരുന്ന ബെയേശയുടെ ഗൃഹം, ഛേദിക്കപ്പെടും എന്ന് ഭയംകൂടാതെ അവൻ പ്രവചിച്ചു (16:3, 4). ബെയേശയുടെ ബന്ധുക്കളെ കുറിച്ച് പ്രവചിച്ചു പറഞ്ഞത്, അവർ പട്ടണത്തിലും, വയലിലും മരിച്ചുവീഴും, അവരുടെ ശവങ്ങൾ അടക്കപ്പെടുകയില്ല എന്നാണ്:

> ബെയേശയുടെ സന്തതികളിൽ പട്ടണത്തിൽവെച്ചു മരിക്കുന്നവനെ നായ്ക്കൾ തിന്നും വയലിൽവെച്ചു മരിക്കുന്നവനെ ആകാശത്തിലെ പക്ഷികൾ തിന്നും (16:4).

ബെയേശാ യഹോവയുടെ വചനത്തെ ത്യജിച്ചു കളഞ്ഞിരുന്നതിനാൽ, അവന്റെ വാഴ്ച്ച നിലനിൽക്കുമായിരുന്നില്ല. ഈ പ്രവചനത്തോടും അനുകൂലമായി ബെയേശാ പ്രതികരിച്ചതായി സന്ദർഭം പറയുന്നില്ല. താൻ കേട്ട മറ്റെല്ലാ പ്രവചന സന്ദേശങ്ങളേയും പോലെ ഇതും അവൻ കേട്ടിട്ട് ഹൃദയം കഠിനപ്പെടുത്തിയിരിക്കാം.

ബെയേശാ ദൈവവചനം അനുസരിച്ചിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? ദൈവം അവനെ ആദരിക്കുകയും പഴയനിയമകാലത്തെ ഏറ്റവും വലിയ വ്യക്തികളുടെ ഗണത്തിൽ അവനെ ഉൾപ്പെടുത്തുകയും ചെയ്യുമായിരുന്നു. കാരണം ദൈവവചനം പ്രമാണിക്കുക എന്നത് മുഖ്യ തീരുമാനമാണ്. അങ്ങനെയാകുമ്പോൾ അവന്റെ മറ്റെല്ലാ തീരുമാനങ്ങളും അതോടെ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും. അപ്പോൾ അവന്റെ ജീവിതം സമർപ്പിക്കപ്പെട്ട് യഹോവയെ നമസ്ക്കരിക്കുകയും, അവന്റെ ഇഷ്ടം ചെയ്ത് പ്രസംഗിക്കുകയും ചെയ്യും.

അതിന്റെ അർത്ഥം എന്തായാലും, അത് എവിടേക്ക് നയിച്ചാലും, ജീവിതത്തിന്റെ അടിസ്ഥാനം എന്നു പറയുന്നത് ദൈവവചനം അനുസരിക്കലാണ്, അത്തരം തീരുമാനം എടുക്കുന്നവർക്ക് മാത്രമല്ല പ്രയോജനം ലഭിക്കുക, അവന് അല്ലെങ്കിൽ അവൾക്ക് ചുറ്റും വസിക്കുന്നവർക്കും പ്രയോജനം ലഭിക്കും, ദൈവത്തിനു വേണ്ടി ജീവിക്കുന്നത് ആവേശം ജനിപ്പിക്കും! ദൈവേഷ്ടം അനുസരിച്ചു ജീവിച്ച പ്രവാചകന്മാരുടെ ജീവിതം എത്ര സാഹസം നിറഞ്ഞതായിരിക്കണം! നന്മക്കായി ആളുകൾ മാറുന്നതും, ദേശം മുഴുവൻ ദൈവത്തോട് അടുക്കുന്നതും, ഇന്നും ലോകത്തെ മാറ്റുവാൻ തക്ക ശക്തി

യുള്ള യുക്തിസഹജമായ ജീവിതത്തെയാണ് മാതൃകയാക്കിയിട്ടുള്ളത്. നേരെ മറിച്ച് ആ വലിയ തീരുമാനത്തെ ആളുകൾ അവഗണിച്ചാൽ, പാപപട്ടണത്തിൽ "അനുസരണമില്ലാത്ത തെരുവ്" ആയി കാണപ്പെടും, അവന്റെ കൂട്ടുകെട്ടും മാനുഷിക വിധികൽപിതമായിരിക്കും. അവന്റെ ജീവിതത്തിൽ അനർത്ഥങ്ങളായിരിക്കും സംഭവിക്കുക, അവയെ നീക്കം ചെയ്യുവാൻ ദൈവത്തെ അനുസരിക്കുക മാത്രമാണ് ഏക മാർഗം. ഒന്നുകിൽ ബെയേശാ ആ തീരുമാനത്തിന്റെ പ്രാധാന്യം മനസിലാക്കിയില്ല, അല്ലെങ്കിൽ ആ തീരുമാനം എടുക്കുവാൻ അവൻ കൂട്ടാക്കിയില്ല.

## ദൈവത്തിന്റെ വഴിയെ സംബന്ധിച്ച്

ബെയേശാ രണ്ടാമത് എടുക്കേണ്ടിയിരുന്ന വലിയ തീരുമാനം, യൊരോബയുടെ മതവ്യവസ്ഥയെ സംബന്ധിച്ചായിരുന്നു. അത് അങ്ങനെ തന്നെ നിലനിർത്തണോ അതോ നീക്കം ചെയ്യണോ? യൊരോബയുടെ വഴി തന്നെ തുടരണോ? അതോ ദൈവവഴി പിൻപറ്റണോ? ആ തീരുമാനം വലുതും അതിനു ഒരു ഹൃദയവും മനസും ദൈവത്തിൽ സമർപ്പിക്കേണ്ടത് ആവശ്യമായിരുന്നു. ഒരു ദേശം തെറ്റുകളെ വിട്ടു ദൈവത്തിലേക്ക് തിരിയുവാൻ നയിക്കേണ്ടതിന് ഒരു അസാധാരണ മനുഷ്യൻ ആവശ്യമായിരുന്നു. അത് ബെയേശാ ആയിരിക്കുമോ? ആ ആവശ്യം നാദാബ് കണ്ടില്ല. ബെയേശാ ആ ആവശ്യം കാണുമോ?

ബെയേശായുടെ തീരുമാനങ്ങൾ കാണുമ്പോൾ നമ്മുടെ ഹൃദയത്തിന് വേദനയുണ്ടാകും. അവൻ യൊരോബയാമിന്റെ വഴിയിൽ നടക്കുവാനും, ദൈവത്തിന്റെ മതത്തിനു പകരം മനുഷ്യന്റെ മതം തുടരുവാനും തീരുമാനം എടുത്തപ്പോൾ ദൂതന്മാർ വിലപിക്കുകയും ഭൂതങ്ങൾ നൃത്തം ചെയ്യുകയുമായിരുന്നു.

> അവൻ യഹോവക്ക് അനിഷ്ടമായുള്ളത് ചെയ്തു, യൊരോബയാമിന്റെ വഴിയിലും അവൻ യിസ്രായേലിനെ കൊണ്ട് ചെയ്യിച്ച പാപത്തിലും നടന്നു (15:34).

ബെയേശാ എടുക്കേണ്ടിയിരുന്നതുപോലെയുള്ള തീരുമാനങ്ങൾ എല്ലാവരും എടുക്കണം. തീരുമാനം എല്ലായ്പോഴും നമ്മുടെ മുഖത്തേക്ക് ഉറ്റു നോക്കുന്നു. ചിലർ അത് ഒരിക്കലും തീരുമാനിക്കേണ്ട തിരഞ്ഞെടുപ്പായി കാണുന്നില്ല. ചിലർ അത് കണ്ണോടിച്ച് നോക്കുമെങ്കിലും, പിന്നീട് മറ്റു കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കും. ചിലർ തിരഞ്ഞെടുപ്പ് കാണുകയും, തീരുമാനിക്കയും, ശേഷിച്ച കാലയളവ് അങ്ങനെ ജീവിക്കയും ചെയ്യും.

വെളിച്ചദൂതന്റെ വേഷം ധരിച്ച് അലറുന്ന സിംഹം പോലെ ഊടാടി നടക്കുന്ന പിശാച് ധാരാളം നേട്ടം കൈവരിക്കുന്നു എന്ന് തോന്നിക്കും. അലറുന്ന സിംഹത്തിൽനിന്നു നമുക്ക് ഓടി അകലാം. എങ്ങനെയായാലും, ഭംഗിയുള്ള പരിഹാസിയായ-വെളിച്ച ദൂതന്റെ സന്ദേശത്തെ "അവന്റെ സന്ദേശം സത്യ മായിരിക്കണം." വെളിച്ചദൂതനായി വന്ന് പിശാച് വഞ്ചിക്കുന്നു; അലറുന്ന സിംഹമായി വന്ന് അവൻ വിഴുങ്ങി കളയുന്നു. പിശാച് വെളിച്ച ദൂതന്മായി നമ്മുടെ അടുത്ത് വരുമ്പോൾ, തിരുവെഴുത്തിൽ ദൈവം പറയുന്നതും അവന്റെ ആഗ്രഹവും നാം മറക്കും (പ്രവൃത്തികൾ 17:11; 1 തെസലൊനിക്യർ 5:21). അത്തരം വെളിച്ചദൂതനാൽ നാം എളുപ്പത്തിൽ മനുഷ്യമതത്തിലേക്കും, ദൈവത്തെ

അനുസരിക്കാതിരിക്കുന്നതിലേക്കും നയിക്കപ്പെടുവാൻ സാധ്യതയുണ്ട്.

ബെയേശാ തന്റെ രണ്ടാമത്തെ വലിയ തീരുമാനത്തിലും പരാജയപ്പെട്ടു. നമ്മെ സംബന്ധിച്ചോ? ദൈവവഴിയിൽ സഞ്ചരിക്കുന്നതിനെ സംബന്ധിച്ച് നാം എന്തു ചെയ്യും?

## ദൈവജനത്തെ സംബന്ധിച്ച്

ബെയേശയുടെ മൂന്നാമത്തെ വലിയ തീരുമാനം ദൈവ ജനത്തെ സംബന്ധിച്ച് ആയിരുന്നു. അവൻ എങ്ങനെ അവരോട് പെരുമാറും? അവൻ അവരെ ഏകോപിപ്പിക്കുമോ? അതോ അവൻ അവരോട് പൊരുതൽ തുടരുമോ? അവൻ എന്തു ചെയ്തു എന്നറിയുവാൻ ബെയേശയുടെ സംഭവങ്ങൾ നാം വിശദമായി പരിശോധിക്കേണ്ട ആവശ്യമില്ല:

> ആസയും യിസ്രായേൽ രാജാവായ ബെയേശയും തമ്മിൽ ജീവപര്യന്തം യുദ്ധം ഉണ്ടായിരുന്നു (15:16).

ദൈവത്തിന്റെ മനുഷ്യൻ ദൈവ ജനത്തെ സ്നേഹിക്കും. അവൻ മനഃപ്പൂർവമായി സമാധാനം-തകർക്കുകയില്ല; അതിനുപകരമായി, തുടർച്ചയായി സമാധാനത്തിനായി ശ്രമിച്ചുകൊണ്ടിരിക്കും (മത്തായി 5:9).

ബെയേശ ദേശങ്ങൾ തമ്മിലുള്ള പിളർപ്പ് നിലനിർത്തി അധികമാക്കുവാൻ ശ്രമിച്ചു. യഹോവയെ നമസ്ക്കരിച്ചിരുന്ന ആത്മാർത്ഥതയുള്ള യിസ്രായേൽമക്കളെ അതു വിഷമിപ്പിക്കുകയും, അവർ യെരുശലേമിലേക്ക് മടങ്ങി പോകുവാൻ ശ്രമിച്ചപ്പോൾ അവൻ തടയുകയും ചെയ്തു. അവൻ രാമയിൽ കോട്ട കെട്ടി (15:17), ആ പട്ടണം യെരുശലേമിൽനിന്നു നാല് മൈൽ ദൂരം മാത്രമെ ഉണ്ടായിരുന്നുള്ളു. യെരുശലേമിലേക്കുള്ള - വടക്കു - തെക്ക് മാർഗം നിയന്ത്രിച്ച് അവരെ നിർത്താമെന്നാണ് അവൻ വിചാരിച്ചത്. ബെയേശ ശക്തനായ ഒരു സൈന്യാധിപനായിരുന്നു, ജഡികമായി ശക്തമായ ആയുധങ്ങളുമുണ്ടായിരുന്നു. അതിനാൽ, യെഹൂദ്യാ രാജാവായിരുന്ന ആസയുടെ എതിർപ്പ് കൂടാതെ അവന് അവിടെ എത്തുവാൻ കഴിഞ്ഞു. പക്ഷെ അവനെ തടയുവാൻ ആസക്ക് കഴിയാതിരുന്നു, അവൻ ദൈവസഹായം തേടിയതുമില്ല. അവസാനം ദൈവേഷ്ടത്തിനു വിരുദ്ധമായി, ആസാ ദമസ്ക്കൊസിലെ അരാം രാജാവായിരുന്ന ബെൻഹദദിന്റെ സഹായം അഭ്യർത്ഥിച്ചു. തന്നോട് ചേർന്നു യുദ്ധം ചെയ്യുവാൻ ആസാ അവന് പൊന്നും വെള്ളിയും നൽകി. അവന്റെ വരവ് ആസാക്ക് ആശ്വാസമായി. ഇയോൻ, ദാൻ, ഹാവേൽ-മെയിം എന്നീ പട്ടണങ്ങൾ അരാം രാജാവ് പിടിച്ചെടുത്തു.

ബെൻഹദദിന്റെ വിജയത്താൽ ബെയേശാ രാമയിൽനിന്നു മടങ്ങി പോയി. ബെയേശാ പിന്നെ രാമയിലേക്ക് പോകുവാനോ, യെരുശലേമിലേക്കുള്ള ജനത്തിന്റെ യാത്ര തടയുവാനോ ശ്രമിച്ചില്ല. ആ തീരുമാനം ശക്തമായ ശത്രു നിമിത്തമായിരുന്നു, അല്ലാതെ അവന്റെ ഹൃദയം ദൈവജനത്തിലേക്ക് തിരിഞ്ഞതുകൊണ്ടായിരുന്നില്ല.

തെക്കേ രാജ്യവുമായി ബെയേശ ഒരിക്കലും യോജിപ്പിലായിരുന്നില്ല എന്ന സൂചനയാണ് വേദഭാഗം നൽകുന്നത്. അവൻ മനുഷ്യ മതത്തിനായി സമർപ്പിക്കപ്പെട്ടതിനാൽ ഭിന്നിപ്പാണുണ്ടാക്കിയത്, അല്ലാതെ ദൈവജനത്തിനിടയിൽ ഐക്യതയല്ല ഉണ്ടാക്കിയത്.

## ഉപസംഹാരം

ദൈവജനത്തെ നിന്ദിച്ചുകൊണ്ട് ആർക്കും ആത്മാർത്ഥതയുള്ള ദൈവ പൈതലാകുവാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ മതത്തേയും, ദൈവത്തിന്റെ കുടുംബത്തേയും തിരഞ്ഞെടുക്കുക എന്നതാണ് ജീവിതത്തിലെ രണ്ട് മുഖ്യ മായ തീരുമാനങ്ങൾ. ആ തിരഞ്ഞെടുപ്പുകൾ സ്വാഭാവികമായി ചെറിയ തീരുമാനങ്ങൾക്ക് ദിശാബോധവും പരിമിതികളും നൽകും. പിന്നെ നമുക്ക് "ഞായറാഴ്ച്ച എന്തു ചെയ്യും?" എന്നു ചോദിക്കേണ്ടി വരികയില്ല. ദൈവ ത്തിന്റെ മതത്തെയും ഭവനത്തെയും തിരഞ്ഞെടുക്കുന്നതോടുകൂടി ചെറിയ തീരുമാനങ്ങൾ തനിയേ വന്നുചേരും.

ദൈവഭക്തിയുള്ള ക്രിസ്ത്യാനികൾ എന്നു തോന്നിക്കുന്ന വിദ്യാർത്ഥികൾ എന്റെ ക്ലാസുകളിലുണ്ടായിരുന്നു. അവർ എവിടെ പോയാലും ദൈവത്തെ സേവിക്കും എന്നായിരുന്നു അവരെ കുറിച്ച് എന്റെ ധാരണ. വർഷങ്ങൾക്കു ശേഷം ആ വിദ്യാർത്ഥികൾ താമസിക്കുവാൻ തിരഞ്ഞെടുത്ത സ്ഥലത്ത് പ്ര സംഗിക്കുവാനുള്ള ഒരവസരം എനിക്ക് ലഭിച്ചു. അവരെ ഞായറാഴ്ച്ച ആരാ ധനക്ക് കാണാതിരുന്നപ്പോൾ, ഞാൻ അവരെ അന്വേഷിച്ചു, അവർ സഭയുടെ ആരാധനക്ക് വരാറില്ല എന്നാണ് അറിയുവാൻ കഴിഞ്ഞത്. അത്തരം മറുപടി, എല്ലാ ഉപദേഷ്ടാക്കന്മാരെയുമെന്ന പോലെ എന്നെയും നിരാശപ്പെടുത്തുന്ന താണ്. ഒരാൾക്ക് ഒറ്റക്ക് ക്രിസ്ത്യാനിയായി ജീവിക്കുവാൻ സാധ്യമല്ല. വിശ്വ സിക്കുന്നവരുടെ സമൂഹമാണ് ദൈവത്തിന്റെ സഭ. അത് ആളുകൾ ഒന്നിച്ചു ആരാധിക്കുന്നതും, പരസ്പരം സ്നേഹിക്കുന്നതും, അന്യോന്യം ഭാരവും സന്തോഷവും പങ്കു വെക്കുന്നതുമാണ്.

ക്രിസ്ത്യാനിയായി തീർന്ന ശേഷമുള്ള വലിയ തീരുമാനമാണ്, ദൈവജന ത്തിന്റെ കൂടെ അതിൽ ഒരാളായി ദിവസം തോറും ജീവിക്കുക എന്നത്. ചിലർ രണ്ടാമത്തെ തീരുമാനം നന്നായി എടുക്കും; മറ്റു ചിലർ മോശമായി തീരുമാ നിക്കും; ബെയേശ ആ തീരുമാനം എടുത്തതേയില്ല. ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ തീരുമാനമെടുക്കുന്നവർ അതിൽ തുടർച്ചയായി ജീവിക്കും; ആ ശരിയായ തിരഞ്ഞെടുപ്പു നടത്താതിരിക്കുന്നവർ ആ പരാജയത്തിൽ തട്ടി ത്തകരുകയും ചെയ്യും.

ബെയേശ യിസ്രായേലിനെ ഇരുപത്തി-നാല് വർഷം വാണു. ബൈബി ൾ വിദ്യാർത്ഥികളോട്, "ആരായിരുന്നു ബെയേശ?" എന്നു ചോദിച്ചാൽ "യിസ്രായേലിലെ ഒരു രാജാവായിരുന്നു," എന്നു മാത്രം മറുപടി പറയും. ഓർമ്മിക്കത്തക്ക എന്തെങ്കിലും അവൻ ചെയ്തതുകൊണ്ടല്ല, അവർ അത്രയും അവനെ കുറിച്ച് ഓർക്കുന്നത്, പിന്നെയോ രാജാക്കന്മാരുടെ പേരുകൾ അവർ മനഃപ്പാഠമാക്കേണ്ടതുകൊണ്ടാണ്. ഉവ്വ്, അവന് അവസരമുണ്ടായിരുന്നു, എന്നാൽ ജീവിതത്തിലെ വലിയ തീരുമാനങ്ങൾ എടുക്കാതിരുന്നതിനാൽ അവ അവഗണിക്കുകയായിരുന്നു.

ബെയേശ എങ്ങനെ മരിച്ചു എന്ന് നമ്മോട് പറഞ്ഞിട്ടില്ല. നാം വായിക്കു ന്നു, "... ബെയേശ തന്റെ പിതാക്കന്മാരെ പോലെ നിദ്ര പ്രാപിച്ചു; അവനെ തിർസയിൽ അടക്കം ചെയ്തു ..." (16:6). അവന്റെ ജീവിതം അപ്രധാനമായി രുന്നതുകൊണ്ട്, അവന്റെ മരണത്തെ കുറിച്ചും നമുക്ക് യാതൊരു താൽപര്യ വുമില്ല. ദൈവേഷ്ടത്തിന്റെ പുറത്തായി, അവൻ ജീവിച്ചതുപോലെ തന്നെ മരിക്കുകയും ചെയ്തു. ദൈവ വചനപ്രകാരം, ദൈവവഴിയിൽ, ദൈവജന ത്തോടുകൂടി ജീവിക്കുവാനുള്ള വലിയ തീരുമാനം എടുക്കാതിരുന്നതിനാൽ

സത്യത്തെ അവൻ നഷ്ടമാക്കി എന്നതാണ് നമുക്ക് ലഭിക്കുന്ന സൂചനകൾ വ്യക്തമാക്കുന്നത്. ആ തീരുമാനങ്ങൾ ബുദ്ധിയോടുകൂടെ എടുത്തില്ലെങ്കിൽ, ജീവിതത്തിനു അടിസ്ഥാനമില്ലായ്കയാൽ, ജീവിതം പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ തകർന്നു പോകും.

**പഠിക്കേണ്ട പാഠം:**
**ശരിയായ അടിസ്ഥാനത്തിന്മേൽ**
**ജീവിതത്തിന്റെ ഭവനം**
**പണിയണം.**